ഉത്തരം

(എ) ഉണ്ട്.

(ബി) ഏകദേശം മൂന്ന് ലക്ഷത്തി മുപ്പതിനായിരം രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്.

തൃശൂർ ജില്ലയിൽ പുഴ സംരക്ഷണത്തിനായി പദ്ധതി

114 [2183] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശൂർ ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് പുഴ സംരക്ഷണത്തിനായി എത്ര നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട് എന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ബി) ജില്ലയിലെ എത്ര വർക്കുകളുടെ പ്രൊപ്പോസലാണ് സംസ്ഥാന ഹൈ ലെവൽ കമ്മിറ്റിക്ക് ലഭിച്ചിട്ടുള്ളത്;

(സി) ചേർപ്പ് നിയോജകമണ്ഡലത്തിൽ കരുവന്നൂർ പുഴയിൽ ഫ്ലെർബെർട്ട് കനാലിൽ ഒരു സ്ലൂയിസ് കം ബ്രിഡ്ജ് പണിയുന്നതിനുള്ള പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ;

(ഡി) 30,000 ഏക്കർ വരുന്ന തൃശൂർ കോൾ നിലങ്ങളിലേക്ക് കരുവന്നൂർ പുഴയിൽനിന്ന് വെള്ളം എത്തിക്കുന്നതിന് ഈ പദ്ധതി പൂർത്തിയാക്കണം എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പദ്ധതി പരിഗണനയിൽ ഉണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ ആന്റ് ബി) നദീതീര സംരക്ഷണത്തിനായി തൃശൂർ ജില്ലയിലെ 65 പദ്ധതികളുടെ പ്രൊപ്പോസലാണ് സംസ്ഥാന ഹൈ ലെവൽ കമ്മിറ്റിക്ക് ലഭിച്ചിട്ടുള്ളത്. ഇതിൽ 60 പദ്ധതികൾ 16-12-2004-ലെ ഹൈ ലെവൽ കമ്മിറ്റി അംഗീകരിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly